## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1162

13.6.2013- ൽ
മറുപടിക്ക്

### കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, സി. പി. മുഹമ്മദ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സ്ത്രീ തൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുന്ന കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) സ്ത്രീ പുരുഷ ഭേദമെന്യേ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ഭൂരിഭാഗം തൊഴിലാളികളും സ്ത്രീകൾ ആയതിനാൽ ഈ പദ്ധതിയുടെ പ്രയോജനം കൂടുതലും ലഭിക്കുന്നത് സ്ത്രീകൾക്കാണ്. |
| (ബി)ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ; | (ബി) അടിസ്ഥാന സൗകര്യങ്ങളായ വർക്ക്ഷെഡ്, ഗോഡൗൺ, റാട്ടുകൾ, ലൂമുകൾ, പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ തുടങ്ങി ഉല്പാദനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംഘങ്ങളുടെ ആധുനികവൽക്കരണം, നവീകരണം, വൈവിധ്യവൽക്കരണം എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തൊഴിലാളികൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനായി ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും തുക അനുവദിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; | (സി) ഈ പദ്ധതിക്കായി പ്രത്യേക ഏജൻസിയെയൊന്നും ചുമതലപ്പെടുത്തിയിട്ടില്ല. കയർപ്രോജക്റ്റ് ആഫീസുകൾ, കയർഇൻസ്പെക്ടർ ആഫീസുക ൾ മുഖാന്തിരമാണ് പ്രധാനമായും ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കുമോ ? | (ഡി)അനിവാര്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ കയർ പ്രോജക്റ്റ് ആഫീസർമാർ പരിശോധിച്ച് ആവശ്യമായ ശുപാർശ സഹിതം കയർ വികസന ഡയറക്ടർക്ക് സമർപ്പിക്കുകയും, കയർ വികസന ഡയറക്ടർ വിശദമായ പരിശോ ധന നടത്തി വ്യക്തമായ ശുപാർശയോടെ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്യും. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് ഉത്തരവായതിനു ശേഷം കയർ വികസന ഡയറക്ടർ സംഘങ്ങളുടെ പേരിൽ തുക അനുവദിച്ച് ബന്ധപ്പെട്ട കയർ പ്രോജക്റ്റ് ആഫീസർമാർ മുഖാന്തിരം വിതരണം ചെയ്ത് പദ്ധതി പ്രാവർത്തികമാക്കിവരുന്നു. സംഘങ്ങളുടെ പ്രതിനിധികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി പദ്ധതികളുടെ അനിവാര്യത മനസ്സിലാക്കിയ ശേഷമാണ് പ്രധാനമായും ഇത്തരം പ്രൊപ്പോസലുകൾ അവർ സമർപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ